# <u>കമ്പ്യൂട്ടർ അടിസ്ഥാന വിവരങ്ങൾ</u>

●User - ൽ നിന്നും ആവശ്യമായ ഡേറ്റ സ്വീകരിച്ച് അവയെ പ്രോസ്സസിംഗിന് വിധേയമാക്കി അർത്ഥമുള്ള നിർദ്ദേശങ്ങളാക്കി മാറ്റുന്ന ഇലക്ട്രോണിക് ഉപകരണം - കമ്പ്യൂട്ടർ

●'കമ്പ്യൂട്ടർ' എന്ന പദം ഉത്ഭവിച്ചത് - ലാറ്റിൻ ഭാഷ യിലെ Computare എന്ന വാക്കിൽ നിന്ന്

●കമ്പ്യൂട്ടറിൻ്റെ പ്രധാന സവിശേഷതകൾ - വേഗത (Speed), കൃത്യത (Accuracy), സംഭരണശേഷി (Storage capacity), വൈദഗ്ധ്യം (Versatility)

●കമ്പ്യൂട്ടറിനോടുള്ള പേടി - സൈബർ ഫോബിയ

●കമ്പ്യൂട്ടറിൻ്റെ പിതാവ് - ചാൾസ് ബാബേജ്

●ചാൾസ് ബാബേജ് വികസിപ്പിച്ചെടുത്ത യന്ത്രങ്ങൾ - ഡിഫറൻസ് എൻജിൻ, അനലിറ്റിക് എൻജിൻ

●ലോകത്തിലെ ആദ്യ ഇലക്ട്രോണിക് കമ്പ്യൂട്ടർ - എനിയാക് (ENIAC)

●ലോകത്തിലെ ആദ്യ കൊമേഴ്സ്യൽ കമ്പ്യൂട്ടർ - UNIVAC (1951)

●ENIAC, UNIVAC വികസിപ്പിച്ചത് - ജോൺ മോഷ്‌ലി, പ്രെസ്പർ എക്കേർട്ട്

●ഇന്ത്യയിൽ നിർമ്മിച്ച ആദ്യ കമ്പ്യൂട്ടർ ടിഫ്രാക് (TIFRAC Tata Institute of Fundamental Research Automatic Calculator)

●ലോകത്തിലെ ആദ്യ കാൽക്കുലേറ്റിംഗ് ഉപകരണം - അബാക്കസ് (കണ്ടുപിടിച്ചത് - മെസൊപ്പൊട്ടാമിയക്കാർ, പരിഷ്കരിച്ചത് - ചൈനക്കാർ (SCERT പാഠ പുസ്തക പ്രകാരം))

Ablearns

•ലോകത്തിലെ ആദ്യ മെക്കാനിക്കൽ കാൽക്കു ലേറ്റർ - പാസ്കലിൻ (Pascaline) (വികസിപ്പിച്ചത് - ബ്ലെയ്സ് പാസ്കൽ (1642)

•ലോഗരിതം ടേബിൾ തയ്യാറാക്കിയത് - ജോൺ നേപ്പിയർ

•കാൽക്കുലേറ്റിംഗ് യന്ത്രമായ നേപ്പിയർ ബോൺ വികസിപ്പിച്ചത് - ജോൺ നേപ്പിയർ

•പഞ്ച് കാർഡ് സംവിധാനം ഉപയോഗിച്ചു കൊണ്ട് ടാബുലേറ്റർ കമ്പ്യൂട്ടർ ആദ്യമായി വികസിപ്പിച്ചത് - ഹെർമൻ ഹോളറിത്ത്

ENIAC - Electronic Numerical Integrator and Computer

EDSAC - Electronic Delay Storage Automatic Calculator

EDVAC - Electronic Discrete Variable Automatic Computer

UNIVAC - Universal Automatic Computer

Ablearns

## <u>വിവിധതരം കമ്പ്യൂട്ടറുകൾ</u>

1) അനലോഗ് കമ്പ്യൂട്ടർ (Analog Computer)

- അളവുകളെ മാത്രം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു.
- കൃത്യത കുറഞ്ഞ കമ്പ്യൂട്ടറുകളാണിത്.
- വോൾട്ടേജ്, വേഗത, മർദ്ദം, താപനില എന്നിവ അളക്കാൻ ഉപയോഗിക്കുന്നു.

2) ഡിജിറ്റൽ കമ്പ്യൂട്ടർ (Digital computer) ബൈനറി

- നമ്പർ സിസ്റ്റം ഉപയോഗിച്ചു പ്രവർത്തിക്കുന്ന കമ്പ്യൂട്ടറാണിത്.

ഡിജിറ്റൽ കമ്പ്യൂട്ടറിനെ നാല് രീതിയിൽ തരംതിരിച്ചിരിക്കുന്നു.

1. മൈക്രോ കമ്പ്യൂട്ടർ
2. മിനി കമ്പ്യൂട്ടർ
3. മെയിൻഫ്രെയിം കമ്പ്യൂട്ടർ
4. സൂപ്പർ കമ്പ്യൂട്ടർ

3) ഹൈബ്രിഡ് കമ്പ്യൂട്ടർ (Hybrid Computer)

- അനലോഗ് കമ്പ്യൂട്ടറിൻ്റെയും ഡിജിറ്റൽ കമ്പ്യൂട്ടറിന്റെയും സവിശേഷതകൾ ചേർത്തു രൂപം നൽകിയ കമ്പ്യൂട്ടർ.

•കമ്പ്യൂട്ടറിലേക്ക് നൽകുന്ന വിവരങ്ങളും നിർദ്ദേശങ്ങളുമാണ് - ഡേറ്റ

•കമ്പ്യൂട്ടറിൽ ഇൻപുട്ടായി കൊടുക്കുന്ന ഡേറ്റ വിവരങ്ങളായി നമുക്ക് ലഭിക്കുന്നതാണ് - ഇൻഫർമേഷൻ

•ഒരു ഡേറ്റയെ ഉപയോഗപ്രദമായ ഇൻഫർമേ ഷനാക്കി മാറ്റുന്ന പ്രക്രിയ - ഡേറ്റാ പ്രോസസ്സിംഗ്

Ablearns